# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1313 — 13.12.2012 ൽ - മറുപടിക്ക്

## റേഷൻ മണ്ണെണ്ണ സബ്സിഡി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | റേഷൻ സബ്സിഡി ബാങ്ക് അക്കൗണ്ട് വഴിയാക്കുന്ന പദ്ധതി നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ സഹായം നല്കിയിട്ടുണ്ടോ; എങ്കിൽ എത്ര; മൊത്തം എത്ര കോടി രൂപ ഗ്രാന്റായി കേന്ദ്ര സർക്കാരിൽനിന്നും പ്രതീക്ഷിക്കുന്നു; | (എ) | റേഷൻ സബ്സിഡി ബാങ്ക് വഴിയാക്കുന്ന പദ്ധതി നടപ്പിലാക്കാനായി കേന്ദ്രസർക്കാരിൽ നിന്നും നിലവിൽ സഹായമൊന്നും ലഭ്യമായിട്ടില്ല. എന്നാൽ മണ്ണെണ്ണ സബ്സിഡി ഉപഭോക്താവിനു നേരിട്ടു നൽകുന്ന പദ്ധതിക്കായി കേന്ദ്രസർക്കാർ 100 കോടി രൂപ ഒറ്റ തവണ ഗ്രാന്റ് ആയി നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; പ്രസ്തുത പദ്ധതി നിർദ്ദേശത്തിനെതിരെ ജനങ്ങളിൽ ഉളവായിരിക്കുന്ന അസംതൃപ്തിയും പ്രതിഷേധങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | റേഷൻ കാർഡുടമകൾക്ക് മണ്ണെണ്ണ സബ്സിഡി ബാങ്ക് അക്കൗണ്ട് മുഖാന്തിരം നേരിട്ട് നൽകുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ പദ്ധതി പൈലറ്റ് പ്രോജക്ടായി നെയ്യാറ്റിൻകര താലൂക്കിലും കൊച്ചി താലൂക്കിലും ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഫോമുകൾ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുവാനായി റേഷൻ വ്യാപാരികൾക്ക് നൽകിയപ്പോൾ അവർ ഫോമുകൾ ഏറ്റെടുക്കാൻ വിസമ്മതിക്കുകയും ഫോറം വിതരണം നടക്കാതെ പോകുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ